

# അനുഗ്രഹമായി അഗ്രിതെറാപ്പി




എസ്. ഹരികിഷോർ ഐ എ എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ


വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി കുടുംബശ്രീയും തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് തുടങ്ങിയ ബഡ്സ് സ്ഥാപനങ്ങളെപ്പറ്റി മുമ്പ് എഴുതിയത് (Making an Impact 30) ഓർക്കുമല്ലോ. കേരളത്തിൽ ഇപ്പോൾ 253 ബഡ്സ് സ്ഥാപനങ്ങളിലായി ഏഴായിരം കുട്ടികളാണ് പഠനപരിശീലന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നത്.

ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് കൂടുതൽ ശാരീരിക മാനസിക ഉന്മേഷം പകരാൻ എന്തുചെയ്യണമെന്ന് ആലോചിച്ച ഞങ്ങളുടെ ടീം കണ്ടെത്തിയ പുതിയ ആശയമാണ് അഗ്രി തെറാപ്പി. കുടുംബശ്രീയിൽ കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന ധാരാളം കൃഷി സംഘങ്ങളുണ്ട്. കൂടാതെ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ പ്രത്യേക ടീമുമുണ്ട്. ഇവരുടെ നേതൃത്വത്തിൽ കുടുംബശ്രീയുടെ മാസ്റ്റർ കർഷകർ, ബഡ്സ് സ്ഥാപനങ്ങളിലെ അധ്യാപകർക്കും കുട്ടികൾക്കും കൃഷി ചെയ്യാൻ പരിശീലനം നൽകി, ഓരോ സ്ഥാ





പനത്തിലും കൃഷി തുടങ്ങുക ഇതാണ് സഞ്ജീവനി അഗ്രി തെറാപ്പി. ഇതിനായി രണ്ടു സെന്റ് സ്ഥലത്ത് അല്ലെങ്കിൽ അതിന് ആനുപാതികമായി ഗ്രോ ബാഗുകളിൽ ആണ് പച്ചക്കറി കൃഷി നടത്തുന്നത്.

2018-19 സാമ്പത്തിക വർഷത്തിലാണ് ഞങ്ങൾ അഗ്രി തെറാപ്പി തുടങ്ങുന്നത്. ആദ്യവർഷം നിലവിലുള്ള എല്ലാ സ്ഥാപനങ്ങളിലും കൃഷി തുടങ്ങാൻ ഞങ്ങ ൾക്ക് സാധിച്ചു. ഇപ്പോൾ കേരളത്തിലെ 253 ബഡ്സ് സ്ഥാപനങ്ങളിലും അഗ്രി തെറാപ്പി നടക്കുന്നു. ചില സ്ഥലത്ത് സ്ഥാപനത്തിനടുത്തുള്ള സ്ഥലം പാട്ടത്തിനെടുത്തും കുട്ടികളുടെ നേതൃത്വത്തിൽ കൃഷി ചെയ്യുന്നുണ്ട്. കുട്ടികൾ നട്ട് നനച്ച് വളർ ത്തുന്ന പച്ചക്കറികളുടെ വിളവെടുപ്പ്, വിളവെടുപ്പ് ഉത്സവമായി ഭൂരിഭാഗം തദ്ദേശ സ്വയം ഭരണ സ്ഥാ പനങ്ങളും ആഘോഷമാക്കുന്നു. ഇങ്ങനെ വിളവെടു ക്കുന്ന പച്ചക്കറികൾ ബഡ്സ് സ്ഥാപനത്തിലെ ഉച്ചഭക്ഷണത്തോടൊപ്പം കുട്ടികൾക്ക് തന്നെ പാകം ചെയ്തു നൽകുന്നു.

അഗ്രി തെറാപ്പിക്ക് ആവേശകരമായ പ്രതികരണമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ബഡ്സ് സ്കൂളുകളിലെ അധ്യാപകരിൽ നിന്നും രക്ഷകർ ത്താക്കളിൽ നിന്നും കുട്ടികളിൽ നിന്നും ലഭിച്ചുവ രുന്നത്. സ്ഥാപനത്തിന് പുതിയ ഉണർവ്വേകാനും കുട്ടികൾക്ക് ക്രിയാത്മകമായ പ്രവർത്തനത്തിലൂടെ സന്തോഷം നൽകാനും അഗ്രി തെറാപ്പിയിലൂടെ സാധിച്ചതിൽ ഞങ്ങൾക്കും വലിയ അഭിമാനമു ണ്ട്. ഈ സന്തോഷം ഇവിടെ പങ്കുവയ്ക്കുന്നു.